Mathrubhumi
മാതൃഭൂമി

Crime Beat

# മലബാർ സിമന്റ്സ് അഴിമതി:എം.ഡി ഉൾപ്പെടെ ആറു പേർക്കെതിരെ വിജിലൻസ് കേസ്

സിമന്റ് സംഭരണത്തിനായി കേരളസംസ്ഥാന വെയർഹൗസിങ് കോർപറേഷനുമായി ചട്ടങ്ങൾ മറികടന്ന് കരാറുണ്ടാക്കിയതിലൂടെ 2.3 കോടി നഷ്ടം വരുത്തിയ സംഭവത്തിലാണ് രണ്ടാമത്തെ കേസ്.

Published: Jul 12, 2016, 03:18 PM IST

T- T T+




പാലക്കാട്: വിവിധ ഇടപാടുകളിൽ നടന്ന ക്രമക്കേടുകളിലൂടെ മലബാർ സിമന്റ്സിന് ഇരുപത്താറരക്കോടിരൂപ നഷ്ടമായ സംഭവത്തിൽ എം.ഡി. ഉൾപ്പെടെ ആറുപേർക്കെതിരെ വിജിലൻസ് മൂന്ന് കേസുകൂടി രജിസ്റ്റർചെയ്തു.

ക്ലിങ്കർ ഇറക്കുമതിയിലെയും സിമന്റ് വിതരണത്തിലെയും അഴിമതിയും സ്റ്റോക്കും ലാഭവും പെരുപ്പിച്ചുകാണിച്ചതിലെ ക്രമക്കേടിലുമാണ് വിജിലൻസ് എഫ്.ഐ.ആർ.

രജിസ്റ്റർചെയ്ത് തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ചത്. ഇപ്പോഴത്തെ എം.ഡി. കെ. പത്മകുമാർ മൂന്ന് കേസിലും പ്രതിയാണ്.

മലബാർ സിമിന്റ്സിലെ ഒരു ജീവനക്കാരനും തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സംരക്ഷണ സമിതിയും കഴിഞ്ഞവർഷം വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. പരാതിയിൽ വിജിലൻസ് ഡയറക്ടർ ത്വരിത പരിശോധനയ്ക്ക് ഉത്തരവിടുകയും പാലക്കാട് വിജിലൻസ് അന്വേഷണം നടത്തി റിപ്പാർട്ട് സമർപ്പിക്കയും ചെയ്തിരുന്നു.

പ്രഥമദൃഷ്ട്യാ കേസെടുക്കാനുള്ള തെളിവ് മൂന്ന് കേസിലുമുണ്ടെന്ന് വിജിലൻസ് വ്യക്തമാക്കിയെങ്കിലും തുടർനടപടിയുണ്ടായില്ല. ഹൈക്കോടതി ഇടപെട്ടതിനെത്തുടർന്നാണ് ഇപ്പോൾ വീണ്ടും വിജിലൻസ് നടപടിയെടുക്കുന്നത്.

2014-15 കാലത്ത് ക്ലിങ്കർ ഇറക്കുമതിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടിൽ മലബാർ സിമന്റ്സിന് 5.49 കോടി രൂപ നഷ്ടമായ സംഭവത്തിലാണ് ആദ്യ കേസ്. എം.ഡി. കെ. പത്മകുമാർ, ഡെപ്യൂട്ടി മാനേജർ (മെറ്റീരിയൽസ്) ജി. നമശിവായം, ഫിനാൻസ് മാനേജർ കെ. നരേന്ദ്രനാഥൻ, ഡെപ്യൂട്ടി മാനേജർ മുരളീധരൻ എന്നിവരാണ് ഈ കേസിലെ പ്രതികൾ. ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനിയുടെ ഉടമയും പ്രതിയാണ്. 2015ലാണ് ഈ കേസിൽ ത്വരിത പരിശോധന നടന്നത്.

സിമന്റ് സംഭരണത്തിനായി കേരളസംസ്ഥാന വെയർഹൗസിങ് കോർപറേഷനുമായി ചട്ടങ്ങൾ മറികടന്ന് കരാറുണ്ടാക്കിയതിലൂടെ 2.3 കോടി നഷ്ടം വരുത്തിയ സംഭവത്തിലാണ് രണ്ടാമത്തെ കേസ്. അംഗീകൃത വിതരണക്കാരുടെ ശൃംഖലയിലൂടെ മാത്രമേ സിമന്റ് വിപണനം നടത്താവൂ എന്ന നിയമസഭാ ഉപസമിതിയുടെ നിർദേശം മറികടന്നാണ് ഈ നടപടിയുണ്ടായത്. 2013-14 കാലത്താണ് സംഭവം. എം.ഡി. പത്മകുമാറും ഡെപ്യൂട്ടി മാർക്കറ്റിങ് മാനേജർ ജി. വേണുഗോപാലുമാണ് ഈ കേസിൽ പ്രതികൾ. പൊതുമേഖലാ സംരക്ഷണസമിതി സമർപ്പിച്ച പരാതിയിലാണ് ഈ കേസ്.

മലബാർ സിമന്റ്സ് ജീവനക്കാരനായ ശശിധരൻ സമർപ്പിച്ച പരാതിയിലാണ് മൂന്നാമത്തെ കേസ്. 2010 മുതൽ 15വരെ നടന്ന വിവിധ ക്രമക്കേടുകളിലൂടെ 18.77 കോടി രൂപ മലബാർ സിമന്റ്സിന് നഷ്ടമായെന്നാണ് കേസ്. ഗുണമേന്മകുറഞ്ഞ കല്ക്കരി വാങ്ങിയതും സ്റ്റോക്ക്ചെയ്ത ഫ്ലൈ ആഷ് യഥാസമയം ഉപയോഗിക്കാത്തതുംമൂലമുണ്ടായ നഷ്ടമാണ് ഇതിൽ പ്രധാനം. മുൻ എംഡി. സുന്ദരമൂർത്തിയും എം.ഡി. പത്മകുമാറുമാണ് ഈ കേസിലെ പ്രതികൾ.

Like 0 Share